LIBRARY ARCHIVES Kerala Legislative Assembly

അംബേദ്കർ ഗ്രാമം പദ്ധതി

13 (319) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പദ്ധതികൾ ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി നിയമസഭാമണ്ഡലത്തിൽ കോട്ടാശ്ശേരി കോളനി, മാനീരി കോളനി, എൻ.എച്ച്., കോളനി, കൊണ്ടോട്ടി എന്നിവിടങ്ങളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) നിലവിൽ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും വിശദമാക്കുമോ?

കോട്ടാശ്ശേരി കോളനി, മാനീരി കോളനി, കൊണ്ടോട്ടി എൻ.എച്ച്. കോളനി എന്നീ കോളനികളുടെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലുള്ള പ്രവൃത്തികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പൂർത്തിയാക്കാത്ത പദ്ധതികൾക്കുള്ള തടസ്സങ്ങളെന്തെന്നും ഇവ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

ഏജൻസികൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതാണ് പ്രധാനമായും പദ്ധതികൾക്കുള്ള തടസ്സം. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിലെ തടസ്സങ്ങൾ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് പ്രതികൂലമാകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പദ്ധതി ഉന്നതതല മോണിറ്ററിംഗിന് വിധേയമാക്കുമോ; വ്യക്തമാക്കുമോ ?

പദ്ധതി ഉന്നതതല മോണിറ്ററിംഗിന് വിധേയമാക്കുന്നതിന്റെ ഭാഗമായി പദ്ധതി മാനദണ്ഡ പ്രകാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറും ബന്ധപ്പെട്ട എം.എൽ.എ., ഏജൻസി പ്രതിനിധി, എൽ.എസ്.ജി.ഡി. പ്രസിഡന്റ്, വാർഡ് മെമ്പർ തുടങ്ങിയവർ അംഗങ്ങളായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.